**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4927** **11-08-2021 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ പരിപാലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ ജില്ലകളിലും നടപ്പിലാക്കിയ മാനസികാരോഗ്യ പരിപാലന പദ്ധതി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ താഴെ പറയുന്ന ആശുപത്രികളിലാണ് മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1) എഫ്.എച്ച്സി ഉദുമ 2) എഫ്.എച്ച്.സി ചിറ്റാരിക്കൽ 3) പി.എച്ച്.സി ചെങ്കള 4) പി.എച്ച്.സി വെള്ളരിക്കുണ്ട് 5) പി.എച്ച്.സി പടന്ന 6) താലൂക്ക് ആസ്ഥാന ആശുപത്രി, മംഗൽപാടി 7) താലൂക്ക് ആസ്ഥാന ആശുപത്രി, പനത്തടി 8) സി.എച്ച്.സി ബദിയടുക്ക 9)താലൂക്ക് ആസ്ഥാന ആശുപത്രി, ബേഡഡുക്ക 10) സി.എച്ച്.സി, കുമ്പള 11) താലൂക്ക് ആസ്ഥാന ആശുപത്രി, നീലേശ്വരം 12) ഏഫ്.എച്ച്.സി വോർക്കാടി 13) പി.എച്ച്.സി പെരള 14) സി.എച്ച്.സി മഞ്ചേശ്വരം 15 സി.എച്ച്.സി, മുളിയാർ 16) സി.എച്ച്. ചെറുവത്തൂർ 17) താലൂക്ക് ആസ്ഥാന ആശുപത്രി തൃക്കരിപ്പൂർ 18) എഫ്.എച്ച്.സി അട്ടൂർ 19) സി.ഏച്ച്.ന്സി , പെരിയ |
| (ബി) | മാനസികാരോഗ്യ വൈകല്യങ്ങൾ ഉള്ളവർക്ക് കഴിക്കാനുള്ള മരുന്നുകൾ സ്ഥിരമായി ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ? | (ബി) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ - ന്റെ Essential Durg ലിസ്റ്റിൽ 50 ഇനം സൈക്കോട്രോപിക് മരുന്നുകൾ ഉൾപ്പെടുത്തുകയും പ്രസ്തുത മരുന്നുകൾ സൗജന്യമായി ആശുപത്രിയിൽ ലഭ്യമാക്കുന്നുമുണ്ട്. ഓരോ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഇൻഡന്റ് അനുസരിച്ച് KMSCL മുഖേന മരുന്നു ലഭ്യമാക്കി വരുന്നു. മാനസികാരോഗ്യ പരിപാടിയുടെ വാർഷിക പദ്ധതിയിൽ മാനസികാരോഗ്യ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ KMSCL മുഖേന വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തി KMSCL മുഖാന്തിരം മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്തു വരുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ അന്നേ ദിവസം തന്നെ ക്യാമ്പിൽ നിന്നും ഒരു മാസത്തേക്കുള്ള മരുന്നുകൾ നൽകി വരുന്നുണ്ട്. കിടപ്പിലായ മാനസിക രോഗികളെ |

| | | | |
|---|---|---|---|
| | | | ഡോക്ടർ പരിശോധിച്ചതിനു ശേഷം ക്യാമ്പിൽ രജിസ്റ്റർ ചെയ്യുകയും ശേഷമുള്ള മാസങ്ങളിൽ കിടപ്പ് രോഗികൾക്ക് ബൈസ്റ്റാന്റർ മുഖേന മരുന്നുകൾ നൽകുകയും ചെയ്യുന്നുണ്ട്: |

സെക്ഷൻ ഓഫീസർ